ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുണ്ടുമൺ പാലം നിർമ്മാണം

68 [650] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുണ്ടുമൺ പാലം നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുണ്ടുമൺ പാലത്തിന്റെ ആദ്യ കരാറുകാരായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി പൂർത്തീകരിക്കാത്തതിനാൽ അവരുടെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദു ചെയ്തു. ബാക്കി പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പണി പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാരിപ്പള്ളി—മടത്തറ റോഡിന്റെ പണി

69 [651] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ പ്രധാന റോഡായ പാരിപ്പള്ളി-മടത്തറ റോഡിന്റെ നിലമേൽ മുതലുള്ള പണി രണ്ടുവർഷമായി മുടങ്ങിക്കിടക്കുന്നതും റോഡിന്റെ പരിതാപകരമായ സ്ഥിതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരമായ കൃത്യവിലോപം കാണിച്ച കോൺട്രാക്ടറെ ഒഴിവാക്കി പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് പ്രത്യേക പരിഗണന കാണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly